# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശിശുവിഹാറിലെ പാർട്ട് ടൈം ടീച്ചറായ ശ്രീമതി. ഷൈലജ.എസ്.നെ അനധികൃതമായി സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി റദ്ദാക്കി WP© 29208/13 (A) നമ്പർ ഹർജിയിൻമേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2653/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,14/10/2014.**

---

പരാമർശം:-
1) സഉ(എം.എസ്) 170/2010/തസ്വഭവ തീയതി 06/08/2010
2) WP© 29208/13 (A) നമ്പർ കേസ്സിൽ ബഹു. ഹൈക്കോടതി 21/02/2014 ൽ പുറപ്പെടുവിച്ച വിധിന്യായം.
3) നെല്ലനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 20/06/2013 ലെ എ3-382/13 നമ്പർ ഉത്തരവ്
4) നെല്ലനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06/11/2013 ലെ എ3/382/13 നമ്പർ ഉത്തരവ്
5) ശ്രീമതി. എസ്. ഷൈലജയുടെ 11/04/2014 ലെ റിവിഷൻ പെറ്റീഷൻ.

## ഉത്തരവ്

സർക്കാരിന്റെ പതിനൊന്നിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ സ്ഥാപനങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതിൻ പ്രകാരം ശ്രീമതി. എസ്. ഷൈലജയെ തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശിശുവിഹാറിൽ പാർട്ട് ടൈം നഴ്സറി ടീച്ചറായി പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. ഇപ്രകാരം ജോലിയിൽ തുടർന്നുവരവെ ശ്രീമതി. എസ്. ഷൈലജ പൊതുസഭയിൽ വച്ച് പഞ്ചായത്തിലെ ജനപ്രതിനിധികളെ അപമാനിക്കുന്ന തരത്തിൽ സംസാരിച്ചുവെന്ന കാരണത്തിൽ പരാമർശം 3 ലെ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്യുകയും തുടർന്ന് പരാമർശം 4 ലെ നടപടിക്രമപ്രകാരം ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയുമുണ്ടായി.

ഇതിനെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP© 29208/13 (A) പരിഗണിച്ച് ബഹു. ഹൈക്കോടതി ആറ് ആഴ്ചകൾക്കകം ടിയാളെയും ഒന്നാം എതിർകക്ഷിയെയും നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി. എസ്. ഷൈലജ, നെല്ലനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരെ നേരിൽ കേൾക്കുകയും തുടർന്ന് പഞ്ചായത്തിൽ നേരിട്ട് അന്വേഷണം നടത്തി മൊഴിയെടുക്കുകയും ചെയ്തിരുന്നു. ഇതിനിടെ ശ്രീമതി. ഷൈലജ.എസ് തന്നെ അനധികൃതമായി സർവ്വീസിൽ നിന്നും നീക്കം ചെയ്തതിനെതിരെ പരാമർശം 5 പ്രകാരം സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചു.

പരാതിക്കാരെ നേരിൽ കേട്ടതിന്റെയും പഞ്ചായത്തിൽ നേരിട്ട് അന്വേഷണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. എസ്. ഷൈലജയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി അംഗീകരിക്കാനാകുമെങ്കിലും ടിയാളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടി 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ)ചട്ടങ്ങൾ പ്രകാരം പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ 06/11/2013 ലെ എ3/382/13 നമ്പർ ഉത്തരവ് നിലനിൽക്കുന്നതല്ല എന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ പാലിക്കാതെ നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ ശിശുവിഹാറിലെ പാർട്ട് ടൈം നഴ്സറി ടീച്ചറായ ശ്രീമതി. ഷൈലജ.എസ്.നെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ 06/11/2013 ലെ A3-382/2013 നമ്പർ നടപടിക്രമം ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം തന്നെ പൊതുസഭയിൽ വച്ച് ജനപ്രതിനിധികളെ അപമാനിക്കുന്ന

തരത്തിൽ പെരുമാറിയ ടിയാൾക്കെതിരെ KCS(CC&A) ചട്ടം 15 ലെ നടപടിക്രമങ്ങൾ പാലിച്ചുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് പഞ്ചായത്തിന് നിർദ്ദേശം നൽകുന്നു.

WP© 29208/13 (A) നമ്പർ കേസ്സിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 21/02/2014 ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ. അജിതകുമാരി**
**ഗവ.അഡീഷണൽ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( ആമുഖ കത്ത് സഹിതം)
4. ശ്രീമതി. ഷൈലജ.എസ്, പാർട്ട് ടൈം നഴ്സറി ടീച്ചർ, നെല്ലനാട് ഗ്രാമ പഞ്ചായത്ത് (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
5. സെക്രട്ടറി, നെല്ലനാട് ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ